പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3081 | | 21.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| ക്ഷേമ പെൻഷനുകളുടെ വിതരണവും വിവരശേഖരണവും | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീമതി.യു. പ്രതിഭ ഹരി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന ക്ഷേമ പെൻഷനുകൾ പൂർണ്ണമായും വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം വരെ കുടിശ്ശികയായിരുന്ന 15248402550/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മണി ഓർഡറായും, പോസ്റ്റോഫീസ് അക്കൗണ്ട് വഴിയും പെൻഷൻ തുക ലഭിക്കാതിരുന്ന ഗുണഭോക്താക്കൾക്ക് അവരുടെ വീടുകളിൽ നേരിട്ട്, കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ തുക എത്തിച്ച് വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പ്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയുടെ സഹായത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 60 വയസ്സ് പൂർത്തിയായ എല്ലാവർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായുള്ള വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ വിവരശേഖരണം നടത്തുന്നില്ല. |
| (സി) | ഇത് സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ സാങ്കേതികവും ഭരണപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 2017 മെയ് 1 മുതൽ ജൂൺ 10 വരെയുള്ള കാലയളവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പെൻഷൻ അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മേൽപ്പറഞ്ഞ കാലയളവിൽ വെബ് സൈറ്റ് തുറന്ന് നൽകി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തടസ്സങ്ങൾ ഉടനടി പരിഹരിക്കുവാൻ സംവിധാനം ഒരുക്കിയിരുന്നു. |
| (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ